ഖുത്ബ
11.07.08
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# അമേരിക്ക– കാനഡ സന്ദർശനം

കഴിഞ്ഞ ദിനങ്ങളിൽ ഞാൻ കാനഡയിലേയും അമേരിക്കയിലേയും ജൽസകളിൽ പങ്കെടുക്കുന്നതിനായി പോയവിവരം സ്നേഹിതന്മാർക്ക് അറിവുള്ളതാണ്. ജൽസയ്ക്ക് പുറമെ മറ്റു പരിപാടികളും ഉണ്ടായിരുന്നു. വിവിധ രീതിയിൽ മറ്റുള്ളവർക്കും ഇസ്ലാമിന്റെ മനോഹരമായ അധ്യാപനം എത്തിക്കാൻ ഭാഗ്യം കിട്ടി. ഈ കാര്യങ്ങൾ കേൾക്കുകയോ മറ്റേതെങ്കിലും വിധത്തിൽ ജമാഅത്തിനെക്കുറിച്ച് പരിചയപ്പെടുകയോ ചെയ്ത ജനവിഭാഗങ്ങളിൽനിന്ന് രേഖാപരമായ പ്രതികരണങ്ങളും ഉണ്ടായിട്ടുണ്ട്. ഇസ്ലാമിനെ സംബന്ധിച്ച് അവരുടെ മനസ്സിലുണ്ടായിരുന്ന സംശയങ്ങളും സന്ദേഹങ്ങളും അകന്നു. എന്തായാലും മൊത്തത്തിൽ നോക്കിയാൽ ഈ യാത്ര അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവന്റെ ബർക്കത്തുകൾ സ്വരുക്കൂട്ടിയിട്ടുള്ളതായിരുന്നു. അല്ലാഹുതആല നമ്മളിലും മറ്റുള്ളവരിലും ഇതിന്റെ നിലനില്ക്കുന്നതും ദൂരവ്യാപകവുമായ ഫലമുളവാക്കുമാറാകട്ടെ.

ഈ സകല കാര്യങ്ങളും അല്ലെങ്കിൽ അതിന്റെ സ്വാധീനങ്ങൾ നമ്മളിലും മറ്റുള്ളവരിലും ഞങ്ങൾക്ക് കേൾക്കാനോ കാണാനോ കഴിഞ്ഞു. ഇത് ജമാഅത്തിന്റെ സംഘാടകരുടെ ഉന്നതമായ പദ്ധതിയുടെയും ബന്ധങ്ങളുടെയും ഫലം മാത്രമായിരുന്നില്ല. മറ്റുള്ളവരോട് ഞാൻ പറഞ്ഞ വിഷയങ്ങൾ അവരുടെ ശ്രദ്ധ ആകർഷിച്ചതുകൊണ്ടാണോ എന്നും എനിക്ക് പറയാൻ സാധ്യമല്ല. എന്തായാലും ഇസ്ലാമിനെക്കുറിച്ച് അവർക്കുണ്ടായിരുന്ന സംശയങ്ങൾ അകന്നിട്ടുണ്ട്. അതവർ പ്രകടിപ്പിക്കുകയും ചെയ്തു. തീർച്ചയായും ഖുർആനും ഹദീഥും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളും ജനമനസ്സുകളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പക്ഷേ, അല്ലാഹുവിന്റെ ഇഷ്ടവും ഇച്ഛയുമില്ലെങ്കിൽ അല്ലാഹുവിന്റെ ഇതേ വചനങ്ങൾ, ശത്രുതയും വിദ്വേഷവും കൊണ്ട് നടക്കുന്നവർക്ക് അല്ലാഹു പറഞ്ഞിട്ടുള്ളതനുസരിച്ച് നഷ്ടത്തെയല്ലാതെ ഒന്നിനേയും വർദ്ധിപ്പിക്കുകയില്ല.

അതിനാൽ മനസ്സുകൾ തുറക്കുക എന്നതും അതിൽ സ്വാധീനമുണ്ടാക്കുക എന്നതും അല്ലാഹുവിന്റെ പ്രവൃത്തിയാണ്. അവൻ ഇച്ഛിക്കുമ്പോൾ ഇക്കാര്യം സ്വാധീനം ചെലുത്തുന്ന ചുറ്റുപാടുകളും അവസ്ഥകളും സൃഷ്ടിക്കുന്നു. ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന ഇസ്ലാമിന്റെ സന്ദേശം ലോകം മുഴുവൻ എത്തണമെന്നും അവരിൽ സൽപ്രകൃതക്കാരായവർ അത് സ്വീകരിക്കണമെന്നും പിന്നീട് ഓരോരുത്തരും പടിപടിയായി തങ്ങളുടെ മനസ്സിൽ അതനുഭവിക്കണമെന്നും അല്ലാഹു ആഗ്രഹിച്ചു. കുറഞ്ഞപക്ഷം, ഇസ്ലാമിന്റെ മനോഹരമായ അധ്യാപനം എത്തുന്നവരിലെങ്കിലും അല്പമാത്ര നന്മയുണ്ടെങ്കിൽ പ്രതികരണമുണ്ടാവുകയും അവർ ഇസ്ലാമിന്റെ ശത്രുതയിൽനിന്നും വിദ്വേഷത്തിൽനിന്നും പിന്മാറുകയും ചെയ്യും. കാരണം ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു നിയോഗിച്ചയച്ചിരിക്കുന്നത് ഇസ്ലാമിന്റെ മനോഹരമായ മുഖം ജനങ്ങൾക്ക് കാണിച്ചുകൊടുക്കാനാണ്. ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് മാത്രമാണ് ഇസ്ലാമിന്റെ യഥാർത്ഥമായ മുഖം ജനങ്ങൾക്ക് കാണിക്കാൻ കഴിയുന്നത്. ഇസ്ലാമിന്റെ സൗന്ദര്യം നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമി മുഖേന ലോകത്ത് പ്രകടമാകണമെന്ന് അല്ലാഹു നിശ്ചയിച്ചിരിക്കുന്നതിനാലാണിത്. ആകാശീയമായ സഹായം തന്നോടൊപ്പം ഉണ്ടെന്ന് ആ മഹാത്മാവിന് വെളിപാടുണ്ടായിട്ടുണ്ട്. ആകാശീയമായ സഹായം കൂടെയുണ്ടെങ്കിൽ സൽഫലങ്ങളും ഉണ്ടാകുന്നതാണ്. ഇന്ന് ഇസ്ലാമിന്റെ അധ്യാപനം ജനങ്ങളുടെമേൽ സ്വാധീനം ചെലുത്തുന്നുണ്ടെങ്കിലും ഇസ്ലാമിനെക്കുറിച്ചുള്ള പുതിയ കാര്യങ്ങളാണ് തങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നതെന്ന് ജനങ്ങൾ പറയുന്നുവെങ്കിൽ അതിനു കാരണം ആകാശീയമായ സഹായമുണ്ടാകുമെന്ന അല്ലാഹുവിന്റെ വാഗ്ദാനത്തെ അവൻ പൂർത്തിയാക്കുന്നു എന്നതാണ്. ഹൃദയങ്ങളേയും മനസ്സുകളേയും അവൻ തുറക്കുന്നു.

അതിനാൽ ഞങ്ങളുടെ പര്യടനവേളയിൽ ഞങ്ങൾ കണ്ട ദൃശ്യങ്ങൾ അതായത്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാമം ആദരവോടെ സ്മരിക്കപ്പെടുന്നതും ആ മഹാത്മാവിന്റെ ജമാഅത്തിനെക്കുറിച്ച് നല്ലതായ കാര്യങ്ങൾ പ്രകടിപിക്കുന്നതും ഇസ്ലാമിന്റെ യഥാർത്ഥമായ അധ്യാപനത്തെക്കുറിച്ച് യാതൊരു ചർച്ചയും കൂടാതെ അവരോട് പറയപ്പെട്ട അതേരീതിയിൽ വിവരിക്കപ്പെടുന്നതുമെല്ലാം അല്ലാഹുവിന്റെ പ്രത്യേക സഹായമാണ്. ഇല്ലെങ്കിൽ ഈ രാജ്യങ്ങളിലെ

ആളുകൾ വലിയ സ്വതന്ത്രചിന്താഗതിക്കാരും വലിപ്പത്തരം മനസ്സിൽ വെച്ചുപുലർത്തുന്നവരും കാര്യങ്ങൾ വളച്ചൊടിച്ച് പ്രകടിപ്പിക്കുന്നവരും ഇസ്‌ലാമിന്നെതിരിലുള്ള എല്ലാ കാര്യങ്ങളും ഊതിക്കത്തിക്കുന്നവരുമാണ്. എന്നാൽ, സത്യസന്ധതയോടെ എന്തെങ്കിലും കാര്യം പറഞ്ഞാൽ, അതിനെ നീതിയോടെ കാണാത്തവർ അവരിൽ വിരളമാണ്. പ്രത്യേകമായ യാതൊരു ശ്രമമോ ചെലവോ കൂടാതെ അന്യർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ലോകത്ത് കേൾപ്പിക്കുകയും ആ മഹാത്മാവിന്റെ നാമം ആദരവോടും ബഹുമാനത്തോടും കൂടി സ്മരിക്കുകയും ആ ധന്യാത്മാവിന്റെ ഖലീഫമാരോട് ആദരവോടെ പെരുമാറുകയും ആ ധന്യാത്മാവിന്റെ ജമാഅത്തിനെക്കുറിച്ച് നിർദോഷികളായ ഓരോരുത്തരും സ്തുതിക്കുകയും ചെയ്യുമ്പോൾ അതുതന്നെയാണ് അല്ലാഹുവിന്റെ പിന്തുണച്ചുകൊണ്ടുള്ള ദൃഷ്ടാന്തങ്ങൾ. ഇത് ഞാനെന്റെ അമേരിക്ക-കാനഡ പര്യടനാവസരത്തിലും കണ്ടു. എന്നല്ല ആ രാജ്യങ്ങളിൽ വസിക്കുന്ന അഹ്മദികളും അത് ദർശിച്ചു. കാരണം ഓരോ അഹ്മദിയും പ്രത്യേകിച്ച് പരിപാടിയിൽ പങ്കെടുത്ത അഹ്മദികൾ അല്ലെങ്കിൽ തങ്ങളുടെ ബന്ധുക്കളെയോ പരിചയക്കാരെയോ കൂട്ടിക്കൊണ്ടുവന്ന അഹ്മദികൾ തങ്ങളുടെ പ്രതീക്ഷയേക്കാളുപരി തങ്ങളുടെ ക്ഷണം സ്വീകരിച്ച് കാര്യങ്ങൾ കേൾക്കാൻ ജനങ്ങൾക്ക് ശ്രദ്ധയുണ്ടായി എന്ന് പറഞ്ഞു. ദിനപത്രങ്ങളും മറ്റു മാധ്യമങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഇസ്‌ലാമിന്റേയും യഥാർത്ഥ അധ്യാപനത്തെക്കുറിച്ചും നല്ല പ്രചാരണം ചെയ്തു. ജനങ്ങളിൽ അവരത് എത്തിച്ചു. അല്ലാഹുതആല ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് 'ഞാൻ നിനക്ക് ആദരവോടുകൂടി പ്രസിദ്ധി നല്കും' എന്ന് പറഞ്ഞിരുന്നു. 'ഞാൻ നിന്റെ പ്രബോധനത്തെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കും' എന്നും ആ മഹാത്മാവിനോട് അല്ലാഹു വാഗ്ദാനം ചെയ്തിരുന്നു. ഇതും ലോകത്തിലെ ഓരോ രാഷ്ട്രങ്ങളിലും വൻകരകളിലും പൂർത്തിയായതായി നമ്മൾ കാണുന്നു. അല്ലാഹുതആല അഹ്മദിയ്യാ ഖിലാഫത്തിന് നൂറുവർഷം തികഞ്ഞ ഈ വർഷത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തിന്റെയും ജമാഅത്തിനെക്കുറിച്ചുള്ള പരിചയപ്പെടുത്തലിന്റെയും കാറ്റുവീശിയത് അവന്റെ പ്രത്യേക അനുഗ്രഹം കൊണ്ടാണ്. അതുകൂടാതെ ഇത് സാധ്യമാകുമായിരുന്നില്ല. അല്ലാഹുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ലോകം മുഴുവൻ എത്തിക്കുന്നത്. ഇല്ലെങ്കിൽ നമ്മൾ എത്ര പരിശ്രമിച്ചാലും ഇപ്രകാരം ജമാഅത്തിനെ പരിചയപ്പെടുത്താനോ ആ മഹാത്മാവിന്റെ വരവ് വിളംബരപ്പെടുത്താനോ സാധിക്കുമായിരുന്നില്ല. പ്രത്യേകിച്ച് ഇസ്‌ലാമിനെ വിമർശനദൃഷ്ടിയോടെ നോക്കാറുള്ള ഈ രാജ്യങ്ങളിൽ!

അമേരിക്കയിൽ ഇത് പൂർത്തിയായി ഞങ്ങൾ കണ്ടത് ഇങ്ങനെയാണ്. ചിന്തിക്കുന്ന ഓരോ മനസ്സും ഇക്കാര്യം അതനുഭവിക്കുകയും ചെയ്തു. പെൻസൽവാനിയായിലെ ഒരു പട്ടണമാണ് ഹെർസ്ബർഗ്. ഇവിടെയാണ് നമ്മുടെ ജൽസസാലാന നടന്നത്. ഇത് തലസ്ഥാനവുമാണ്. ഈ വർഷം ഖിലാഫത്ത് ജൂബിലിയായ കാരണത്താൽ കുറച്ചു പ്രസിദ്ധിയും ഈ ജൽസയ്ക്ക് ലഭിച്ചു. എന്നല്ല, ഞാൻ മുമ്പേയും പറഞ്ഞതുപോലെ ഈ ജൂബിലി പരിപാടികൊണ്ട് ജമാഅത്തിനെ പരിചയപ്പെടുത്തുന്നതിനുവേണ്ടി അല്ലാഹു ഒരു കാറ്റുവീശി. എന്തായാലും ഇവിടുത്തെ സംസ്ഥാന അസംബ്ലി ഇങ്ങനെ സന്മനസ്സ് കാണിച്ചുകൊണ്ട് ചില അംഗങ്ങളുടെ ആവശ്യപ്രകാരം ഈ പട്ടണത്തിൽ ജമാഅത്തിനെ ജൽസയുടെ പേരിൽ സ്വാഗതം ചെയ്യുന്നതിനും ഖിലാഫത്തിന് നൂറുവർഷം തികയുന്ന അവസരത്തിൽ ആശംസകൾ നേരുന്നതിനും പ്രമേയം പാസാക്കാൻ തീരുമാനിച്ചു. പക്ഷേ, ഒരു അസംബ്ലി മെമ്പർ ഇതിന്നെതിരെ ആക്ഷേപമുന്നയിച്ചു. അതൊരു കടുംപിടുത്തക്കാരനായ ക്രിസ്ത്യാനിയായിരുന്നു. അമേരിക്കയിൽ പൊതുവെ ക്രിസ്തുമതത്തിന്റെ കാര്യത്തിൽ വലിയൊരു വിഭാഗം ഇവിടുത്തെ അപേക്ഷിച്ച് പരുക്കൻ സ്വഭാവക്കാരും പ്രവർത്തനങ്ങളിൽ കടുപ്പമുള്ളവരുമാണ്. എന്തായാലും അയാൾ പ്രമേയത്തെ എതിർത്തു. നമ്മൾ ഇതിനുവേണ്ടി ഒരു ശ്രമവും നടത്തിയിരുന്നില്ല എന്ന കാര്യവും ഓർക്കുക. ഇവരിൽ കുറച്ചാളുകൾക്ക് സ്വയം തോന്നിയതാണിത്.അങ്ങനെയാണ് അവർ ഇക്കാര്യം അസംബ്ലിയിൽ അവതരിപ്പിച്ചത്. ഞാൻ പറഞ്ഞുവന്നത് ഒരംഗം എതിർത്തുവെന്നാണ്. ഈസാ(അ)നെ ദൈവമായി അംഗീകരിക്കാത്ത കൂട്ടരാണ് ഇവരെന്നും അതുകൊണ്ട് ഇവരെ സ്വാഗതം ചെയ്യുന്നത് അനുവദിക്കാൻ പറ്റില്ലെന്നുമായിരുന്നു അയാളുടെ വാദം. അയാളെക്കൊണ്ട് ഇത് പറയിച്ചതും അല്ലാഹുവിന്റെ വിധിയായിരുന്നു. കാരണം ആ പ്രമേയം ചർച്ചയൊന്നും കൂടാതെ ഐകകണ്ഠ്യേന പാസാക്കപ്പെട്ടാൽ അസംബ്ലി മാത്രമേ അതറിയുമായിരുന്നുള്ളൂ. അല്ലെങ്കിൽ പത്രങ്ങളിൽ ഏതെങ്കിലും ഒരു മൂലയിൽ മാത്രം അതിന്റെ വാർത്ത വരും. അവർ നമ്മളെ അംഗീകരിച്ചതുകൊണ്ട് സ്വാഭാവികമായും നമ്മൾ അവരോട് നന്ദിയുള്ളവരായിരിക്കും. ഈ സൽസ്വഭാവം കാണിക്കലും നന്ദി പ്രകടിപ്പിക്കലും നമുക്ക് നിർബന്ധവുമാണ്. എന്നല്ല, ഇസ്‌ലാമിന്റെ കല്പനയുമാണിത്. പക്ഷേ, ഞാൻ പറഞ്ഞതുപോലെ ഈ എതിർപ്പും അല്ലാഹുവിന്റെ വിധിയായിരുന്നു. കാരണം ഈ അസംബ്ലി മെമ്പറിന്റെ ചോദ്യം പത്രങ്ങൾ നല്ലവണ്ണം ഘോഷിച്ചു. ഇക്കാലത്ത് ഇന്റർനെറ്റിൽ എല്ലാത്തരം വാർത്തകളും വരാറുണ്ട്. അത് ചർച്ചയും ചെയ്യ

പ്പെടുന്നു. അല്ലാഹു ഈ അംഗത്തിന്നെതിരിൽ നിരവധിയാളുകളെ എഴുന്നേല്പിച്ചുനിറുത്തി. പ്രശ്നം ചർച്ച ചെയ്യാൻ തുടങ്ങി. ഒരുകൂട്ടർ പറഞ്ഞു, "ഒരു ഭാഗത്ത് നമ്മൾ സെക്കുലർ ആണെന്ന് വാദിക്കുന്നു; മറുഭാഗത്ത് ഇത്തരം കാര്യങ്ങൾ സംസാരിക്കുകയും ചെയ്യുന്നു." യഹൂദികളും പ്രശ്നം പൊക്കിപ്പിടിച്ചു. തങ്ങളും ഈസായെ ദൈവമായി വിശ്വസിക്കുന്നില്ലെന്ന് അവർ പറഞ്ഞു. എന്നല്ല, അവരാണെങ്കിൽ ശക്തമായി എതിർക്കുന്നവരുമാണ്. ഹദ്റത്ത് ഈസായെക്കുറിച്ച് എന്തൊക്കെയാണ് അവർ പറയുന്നത്? രാഷ്ട്രീയ ഉദ്ദേശ്യത്തിനായി ഇക്കൂട്ടർ ഇക്കാലത്ത് നിശ്ശബ്ദരാണെന്നതിൽ സംശയമില്ല. പക്ഷേ, ഇവരുടെ ഹൃദയം ക്രിസ്തുമതത്തിന്നെതിരാണ്. അഹ്മദികളായ നമ്മൾ ഹദ്റത്ത് ഈസാ(അ)നെ ആദരണീയനായ നബിയായിട്ടംഗീകരിക്കുന്നു. യഹൂദികൾ പറഞ്ഞു ഇങ്ങനെയായാൽ തങ്ങളേയും അമേരിക്കയിൽനിന്ന് പുറത്താക്കാനും സ്വാതന്ത്ര്യാവകാശം ധ്വംസിക്കാനും ഇടയാകുമല്ലോ.

യഹൂദികൾ അഹ്മദികൾക്കനുകൂലമായി പറഞ്ഞുവെന്ന് കേൾക്കുമ്പോൾ 'അഹ്മദിയും യഹൂദിയും ഒന്നാണെന്ന് തങ്ങൾ ആദ്യമേ പറഞ്ഞില്ലേ' എന്നു പറഞ്ഞ് മൗലവിമാർ ബഹളം വയ്ക്കുമെന്ന് ഞാൻ വിചാരിച്ചു. പക്ഷേ, നമ്മൾ എതിർക്കുന്നുണ്ടെങ്കിലും അല്ലാഹുവിന്റെ ഒരു വിനീതദാസനെ മോശപ്പെട്ടവനായി അംഗീകരിക്കുന്നില്ലെന്ന കാര്യം അവർ മറക്കുകയായിരിക്കും ചെയ്യുന്നത്. എന്തായാലും ഇത് എതിരാളികളുടെ പ്രവർത്തിയാണ്. മൗലവിമാരുടെ ജോലിയാണ്. ഇതാണ് ഇവരിൽനിന്ന് പ്രതീക്ഷിക്കുന്നത്.

ആ അസംബ്ലി മെമ്പർ നമുക്കെതിരിൽ ആക്ഷേപമുന്നയിച്ചപ്പോൾ ക്രിസ്ത്യാനികൾ തന്നെയും മറ്റുള്ള മതവിഭാഗക്കാരും നമുക്കനുകൂലമായൊരു അന്തരീക്ഷം അവിടെ സൃഷ്ടിച്ചു. ഞാൻ പറഞ്ഞതുപോലെ അതോടെ വെബ്സൈറ്റുകളിലും പത്രങ്ങളിലും ചർച്ച ആരംഭിച്ചു. ഇക്കാരണത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും ജമാഅത്തിനേയും സംബന്ധിച്ച് നല്ല പ്രചാരം സിദ്ധിച്ചു. പത്രങ്ങൾ, ജൽസയും ഖിലാഫത്ത് ജൂബിലിയും എടുത്തുദ്ധരിച്ചുകൊണ്ട് നമ്മുടെ വാർത്തകൾക്ക് വളരെ പ്രാധാന്യം നല്കി. കുറച്ചു ദിവസത്തിനുശേഷം അസംബ്ലിയിൽ പ്രമേയവും പാസാക്കപ്പെട്ടു. ഈ എതിർപ്പു മുഖേന കിട്ടിയ പ്രചാരണം സഭയൊന്നടങ്കം നിശ്ശബ്ദമായി അത് പാസാക്കുകയായിരുന്നുവെങ്കിൽ കിട്ടുകയില്ലായിരുന്നു. ജമാഅത്തിനെ പരിചയപ്പെടുത്തുവാനുള്ള അല്ലാഹുവിന്റെ രീതികൾ ഇങ്ങനെയൊക്കെയാണ്. നമ്മളെ തരംതാഴ്ത്തിക്കാണിക്കാനാണ് എതിരാളികൾ ശ്രമിക്കുന്നത്. എന്നാൽ, അത് നമ്മുടെ പ്രസിദ്ധിക്കും പ്രചാരണത്തിനും കാരണമായിത്തീരുന്നു. ഇന്ന് പാക്കിസ്ഥാനിലും ഇന്തോനേഷ്യയിലും ബംഗ്ലാദേശിലും ഇന്ത്യയിലെ ചില മുസ്ലിം ഭൂരിപക്ഷ പ്രദേശങ്ങളിലും പ്രത്യേകിച്ച് ഹൈദരാബാദിൽ എതിർപ്പ് ശക്തമാണ്. ഇതുമുഖേന ഈ രാജ്യത്തും വിദേശങ്ങളിലും ജമാഅത്തിന്റെ പ്രചാരണം വർദ്ധിക്കുകയാണ് ചെയ്യുന്നത്. ഇന്ത്യയിലെ ചില ഹിന്ദുക്കൾക്ക് നമ്മുടെ ജമാഅത്തിനെക്കുറിച്ച് അറിയില്ലായിരുന്നു; ഭരണകാര്യങ്ങൾ കൈകാര്യം ചെയ്യുന്നവർക്കും മറ്റുള്ളവർക്കും. ഈ എതിർപ്പ് കാരണത്താൽ ജമാഅത്തിനെക്കുറിച്ച് അവർക്ക് കൂടുതൽ അറിയാൻ കഴിഞ്ഞു. എതിരാളികൾ അല്ലെങ്കിൽ ശത്രുക്കൾ ഏത് ആയുധമുപയോഗിച്ചാലും അല്ലാഹു അതിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശത്തെ കൂടുതൽ ലോകത്ത് പ്രചരിപ്പിക്കുമെന്നതും ആ മഹാത്മാവിന്റെ ആദരവിനുള്ള സാഹചര്യം ഒരുക്കുമെന്നതും അവന്റെ വിധിയാണ്. അങ്ങനെയാണ് അവൻ ചെയ്തുതരുന്നത്. ജമാഅത്തംഗങ്ങൾക്ക് ചിലപ്പോൾ തങ്ങളുടെ വികാരങ്ങളും ധനവും ജീവൻപോലും ബലിയർപ്പിക്കേണ്ടതായി വരുന്നു. ഈ ത്യാഗം ഒരിക്കലും പാഴായിപ്പോവുകയില്ല. ഈ ത്യാഗങ്ങൾ വരിക്കുന്നവരും അവരുടെ കുടുംബവും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കും പാരിതോഷികങ്ങൾക്കും അനന്തരാവകാശികളായിത്തീരുന്നു. ജമാഅത്തുപരമായ നിലയിലും അല്ലാഹു തന്റെ അനുഗ്രഹത്തിനുള്ള സാഹചര്യമൊരുക്കുന്നു. ഇതുമുഖേനയും ജമാഅത്ത് പ്രചരിക്കുന്നു. ഞാൻ പറഞ്ഞതുപോലെ ഇതെടുത്തുപറഞ്ഞുകൊണ്ട് പത്രങ്ങളിൽ ജമാഅത്തിനെ നല്ലവണ്ണം പരിചയപ്പെടുത്തുകയുണ്ടായി. അമേരിക്കയിലെ ജൽസയെക്കുറിച്ച് പത്രങ്ങളും മറ്റു മാധ്യമങ്ങളും വാർത്തകൾ പ്രസിദ്ധീകരിച്ചു. ഇന്റർവ്യൂ എടുക്കാനായി പത്രപ്രതിനിധികൾ വന്നു. അവർ നമ്മുടെ മീറ്റിംഗുകളിൽ പങ്കെടുക്കുകയും ചെയ്തു. ഒരു പ്രതിനിധി പ്രത്യേകം സമയമെടുത്തു എന്നോട് ചോദ്യങ്ങൾ ചോദിച്ചു. ആ ഇന്റർവ്യു പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്തൊന്നാണോ ഞാൻ പറഞ്ഞത് അതൊന്നും മുറിച്ചുകളയാതെയാണ് അത് പ്രസിദ്ധം ചെയ്തത്. അങ്ങനെയൊരു കാറ്റാണ് അല്ലാഹു വീശിയത്. ചില കാര്യങ്ങൾ അവരുടെ മതത്തിനും വിശ്വാസത്തിനും എതിരുമായിരുന്നു. പെൻസിൽവാനിയായിലെ ഒരു പത്രമായ ലങ്കാർസ്റ്റർ ഇന്റലിജൻസിലെ പ്രതിനിധിയാണ് എന്നെ ഇന്റർവ്യു ചെയ്തത്. 19-ാം തിയതിയായിരുന്നു ഇന്റർവ്യൂ. 20-ന് ചിത്രത്തോടുകൂടി അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിലെഴുതി: "ഇസ്ലാമിന്റെ ഖലീഫ ആഴ്ചയുടെ അവസാന ദിവസം ലോകത്തിന് പ്രത്യേകിച്ച് ഹെറസ്ബേർഗിലെ ജനങ്ങൾക്കായി ഒരു സന്ദേശം കൊണ്ടുവരുന്നു." അമേരിക്കയിൽ എല്ലായിടത്തും പത്രങ്ങൾ എഴുതിയത് 'ഇസ്ലാമിന്റെ ഖലീഫ' എന്നായിരുന്നു. ഇതുകൊണ്ട് ചില മുസ്ലിംകൾക്ക് പ്രത്യേകിച്ച് മൗൽവിമാർക്ക് ബുദ്ധി

മുട്ടുണ്ടായിരിക്കും. അവരെഴുതുന്നു: "നിങ്ങൾ ദൈവ സൃഷ്ടികളെ സ്നേഹിക്കുകയാണെങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ സ്രഷ്ടാവിനെ തിരിച്ചറിയാൻ കഴിയും. അഹ്മദ് തന്റെ സന്ദേശത്തിൽ പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ) കൊണ്ടുവന്ന ഈ സന്ദേശം വെറും അമേരിക്കക്കാർക്കു മാത്രമല്ല, മറിച്ച് മുഴുലോകത്തിനുമുള്ളതാണ്. മനുഷ്യന്റെ സൃഷ്ടിയുദ്ദേശ്യമായി ഞാൻ പറഞ്ഞ 'നിങ്ങളുടെ ദൈവത്തെയും തിരിച്ചറിയുക, അവന്റെ സൃഷ്ടികളോടുള്ള കടമയും നിറവേറ്റുക' എന്ന കാര്യവും എടുത്തു പറഞ്ഞു.

പിന്നീട് അദ്ദേഹം എഴുതുന്നു, "ഈ സന്ദേശം എല്ലാവരും ഓർമ്മിക്കുകയും ഇതനുസരിച്ച് പ്രവർത്തിക്കുകയുമാണെങ്കിൽ ലോകത്ത് ശത്രുത ബാക്കിയുണ്ടാവുകയില്ല. ജനങ്ങളുടെ ഹൃദയം വിദ്വേഷത്തിൽനിന്ന് പരിശുദ്ധമാകും. ലോകത്ത് സമാധാനം സ്ഥാപിക്കാനുള്ള ഒരേയൊരു രീതി ഇതുതന്നെയാണ്. ലോകത്ത് ആറ്റംബോംബിന്റെ ആവശ്യമില്ല. അല്ലാഹു നല്കിയിട്ടുള്ള എല്ലാ വസ്തുക്കളും ജനങ്ങളുടെ ഗുണത്തിനു വേണ്ടി ഉപയോഗിക്കുക." ഞാൻ പറഞ്ഞതായി വീണ്ടും ഇദ്ദേഹം എഴുതുന്നു: "തന്നെ കാണാൻ ആഗ്രഹിക്കുന്നവരെയൊക്കെ കാണുക എന്നതാണ് തന്റെ അമേരിക്കൻ വരവിന്റെ ഉദ്ദേശ്യമെന്ന് അഹ്മദ് പറഞ്ഞു. എല്ലാ മുസ്‌ലിം കക്ഷികളും സംഘടിക്കുക എന്നതു മാത്രമല്ല തന്റെ സന്ദേശമെന്നും മറിച്ച് എല്ലാ മതാനുയായികളും മുന്നോട്ടുവന്ന് കൈകോർക്കണമെന്നും അദ്ദേഹം പറഞ്ഞു. ഏതൊരു വ്യക്തിയെയാണോ അവർ പ്രതീക്ഷിച്ചിരിക്കുന്നത് അതായത് മസീഹിനെ, ആ മസീഹ് വന്നുകഴിഞ്ഞിരിക്കുന്നു." അമേരിക്കയിൽ പ്രത്യേകിച്ചും മസീഹിനെ ജനങ്ങൾ പ്രതീക്ഷിച്ചിരിക്കുകയാണ്. ഞാൻ പറഞ്ഞതുപോലെ അമേരിക്കയിൽ ഒരു വലിയ വിഭാഗം മതങ്ങളിൽ താൽപര്യം കാണിക്കുന്നവരാണ്. ഈസായുടെ രണ്ടാമത്തെ വരവ് പ്രതീക്ഷിച്ചിരിക്കുന്നവരാണ്. ഇത്തരം പരിതസ്ഥിതിയിൽ അവരുടെ പത്രം ഇങ്ങനെ എഴുതുന്നത് 'അതായത് നിങ്ങൾ പ്രതീക്ഷിച്ചിരിക്കുന്ന മസീഹ് വന്നിരിക്കുന്നു' എന്നുള്ള വാർത്ത എന്തായാലും ജനങ്ങളുടെ ശ്രദ്ധ ഈ ഭാഗത്തേക്ക് തിരിക്കും. ഈ എല്ലാ ഏർപ്പാടുകളും ചെയ്യുന്നത് അല്ലാഹുവാണ്. ഇൻശാഅല്ലാഹ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശത്തെ പ്രചരിപ്പിക്കുന്നതിനായി അല്ലാഹുതആല കൂടുതൽ ഏർപ്പാടുകൾ ചെയ്യുന്നതാണ്. അവൻ ചെയ്തുകൊണ്ടിരിക്കുന്നുമുണ്ട്. ഇപ്രകാരംതന്നെ ജൽസയുടെയും പര്യടനത്തിന്റെയും മറ്റു വാർത്തകളും ധാരാളം പത്രങ്ങൾ പ്രസിദ്ധീകരിച്ചു. 22 പത്രങ്ങളാണ് അവിടെ കവറേജ് നല്കിയത്. രണ്ട് റേഡിയോ നിലയങ്ങൾ നല്ല നിലയിൽ വാർത്തകൾ നല്കി. മൂന്ന് ടി.വി നിലയങ്ങൾ വാർത്തകൾ സംപ്രേഷണം ചെയ്തു. ഇന്റർനെറ്റിൽ 15 വിവിധ സൈറ്റുകളിൽ വാർത്തകൾ വന്നു. ഞാൻ പറഞ്ഞതുപോലെ, ഇത്ര വിശാലമായ നിലയിൽ ജമാഅത്തിന്, ഇത് ചെയ്യാൻ സാധിക്കുമായിരുന്നില്ല. അല്ലാഹു തന്റെ സഹായം നല്കുന്നുവെന്ന് ഓരോ കണ്ണും നോക്കി കാണുന്നു. ഓരോ പരിശുദ്ധഹൃദയവും അനുഭവിച്ചറിയുന്നു. അമേരിക്കയിൽ ഒരു ഹോട്ടലിൽ ക്ഷണിക്കപ്പെട്ട സദസ്സ് സംഘടിപ്പിച്ചിരുന്നു. വിദ്യാസമ്പന്നരും വിവിധ ജനവിഭാഗങ്ങളിൽപെടുന്നവരുമായ ആളുകൾ അവിടെ വന്നിരുന്നു. അവിടെ വിശുദ്ധഖുർആന്റെയും ഹദീഥുകളുടെയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനത്തിന്റെയും അടിസ്ഥാനത്തിൽ ജിഹാദിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് ഞാൻ വിവരിച്ചു. 'താനാണ് ഈസബ്നുമർയം' എന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശവും അവരെ കേൾപ്പിച്ചു. 'ഈസബ്നു മർയം' ഹദ്റത്ത് മിർസാ ഗുലാം അഹ്മദിന്റെ വ്യക്തിത്വത്തിൽ വന്നുകഴിഞ്ഞിരിക്കുന്നുവെന്ന് ഞാൻ അവരോടു പറഞ്ഞു. അമേരിക്ക ഒരു വലിയ ശക്തിയാണെന്നും, ഇതിന്റെ അടിസ്ഥാനത്തിൽ ലോകത്ത് സമാധാനം സ്ഥാപിക്കാൻ നീതിക്കു വേണ്ടി നിലകൊള്ളാനും ഞാൻ പറഞ്ഞു. നീതി കാണിക്കുന്നുവെങ്കിൽ മാത്രമേ കടമകൾ നിറവേറ്റപ്പെടുകയുള്ളൂ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെയുണ്ടായിരുന്ന എല്ലാവരിലും വളരെ നല്ല സ്വാധീനമാണ് അത് ചെലുത്തിയത്. വിവിധയാളുകൾ എന്റെയടുത്തുവന്ന് അത് പ്രകടിപ്പിക്കുകയും ചെയ്തു; ഇന്ന് തങ്ങൾക്ക് പുതിയ കാര്യമാണ് മനസ്സിലായതെന്ന് അവർ പറഞ്ഞു. യഥാർത്ഥത്തിൽ ഇത് പുതിയ കാര്യമൊന്നമല്ല. വിശുദ്ധഖുർആന്റെയും നബി(സ)യുടെ ജീവിതമാതൃകയുടെയും യഥാർത്ഥ മുഖമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് കാണിച്ചുതന്നിട്ടുള്ളത്. ഇതിനുമേൽ ഇക്കാലത്തെ മുല്ലാമാരാണ് തെറ്റായ ചായംപൂശി ഇസ്‌ലാമിന് ചീത്തപ്പേരുണ്ടാക്കാൻ കാരണക്കാരായി ത്തീർന്നിരിക്കുന്നത്.

അമേരിക്കൻ ജമാഅത്തിന്റെ ജൽസയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ വൻവിജയമായിരുന്നു. ജമാഅത്തിന്റെ പാരമ്പര്യമനുസരിച്ച് അവിടെയും എല്ലാ വകുപ്പുകളും പ്രവർത്തിക്കുന്നു. പക്ഷേ, അവിടെ ഇപ്രാവശ്യം അവരെടുത്ത സ്ഥലം വളരെ വലിയ ഒരു പ്രദേശമാണ്. അവിടെ എക്സിബിഷൻ തുടങ്ങിയ പല പരിപാടികളും സാധാരണ നടക്കാറുണ്ട്. അതിൽ വലിയ വലിയ ഹാളുകളുണ്ട്. അതുകാരണം, ജൽസാഗാഹും, ഭക്ഷണം പാചകം ചെയ്യുന്ന സ്ഥലവും, കഴിക്കാനുള്ള സ്ഥലവും അതുപോലെ എക്സിബിഷൻ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒരേയൊരു മച്ചിന്റെ കീഴിലായി. ഇവരുടെ എക്സിബിഷൻ പ്രത്യേകിച്ചും ഖിലാഫത്തിന്റെ വിഷയത്തിലായിരുന്നു. ആദം(അ) മുതൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നു ശേഷം വന്ന ഖിലാ

ഫത്ത് വരെയുള്ള എല്ലാ ചരിത്രവും അവർ അതിൽ വിവരിച്ചത് എനിക്ക ഏറെ ഇഷ്ടപ്പെട്ടു.

അമേരിക്കയിൽ ഞാൻ ആദ്യമായിട്ടാണ് പര്യടനം നടത്തിയത്. ഏകദേശം പത്തുവർഷത്തിനു ശേഷമാണ് കാലത്തിന്റെ ഖലീഫ അവിടെ സന്ദർശിക്കുന്നത്. ഒരു പുതിയ തലമുറ യുവത്വം നേടി ജമാഅത്തിലെ പ്രവർത്തനങ്ങളിൽ പങ്കുചേർന്നിരിക്കുന്നു. പത്തുവർഷം മുമ്പേ ചെറുതും പരിചയവുമില്ലാത്ത കുട്ടികളാണ് ഇപ്പോൾ യുവത്വത്തിൽ പ്രവേശിച്ചിരിക്കുന്നത്. പാശ്ചാത്ത്യ ചുറ്റുപാടിനും അതിന്റേതായ സ്വാധീനമുണ്ട്. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ യുവാക്കളിലും യുവതികളിലും ജമാഅത്തിനോട് ആത്മാർത്ഥതയുടെയും കൂറിന്റെയും ബന്ധമുണ്ട്. ഖിലാഫത്തിനോട് അഗാധമായ ബന്ധമുണ്ട്. ജൽസയുടെ പ്രവർത്തനങ്ങളിലും ഡ്യൂട്ടികൾ നിർവ്വഹിക്കുന്നതിലും നല്ലവണ്ണം വ്യാപൃതരായിരുന്നു അവർ. ഈ എല്ലാ കാര്യങ്ങളും അല്ലാഹുവിന് നന്ദി കാണിക്കുന്നതിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കുന്നു. അല്ലാഹുതആല ഏതെതെല്ലാം രീതിയിലുള്ള പ്രിയപ്പെട്ട ആളുകളെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കിയിട്ടുള്ളത്. അമേരിക്കൻ ജമാഅത്തിൽ നല്ലൊരു ശതമാനം ആഫ്രിക്കൻ അമേരിക്കൻ അഹ്മദികളാണ്. ഇപ്രകാരംതന്നെ കുറച്ചു വെള്ളക്കാരായ അഹ്മദികളുമുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രവർത്തനങ്ങളിൽ ഓരോരുത്തരും അത്യുത്സുകരായി പങ്കെടുക്കുന്നവരായിരുന്നു. ഖിലാഫത്തിനോടുള്ള സ്നേഹവും ആതദ്ദേശ അഹ്മദികളുടെ ഹൃദയത്തിൽ നിന്ന് പൊട്ടിയൊഴുകുന്നു. ഖിലാഫത്തിനോട് ഒരു പ്രത്യേകമായ സ്നേഹവും ആദരവും അവരുടെ കണ്ണുകളിൽ ദൃശ്യമായിരുന്നു. അല്ലാഹു ഇവരെല്ലാവരെയും ആത്മാർത്ഥതയിലും കൂറുപുലർത്തുന്നതിലും വളർത്തുമാറാകട്ടെ.

അമേരിക്കയ്ക്കുശേഷം കാനഡയിലായിരുന്നു ജൽസ. ജമാഅത്തിന്റെ അംഗസംഖ്യ നോക്കുമ്പോൾ കാനഡ ജൽസ നിറഞ്ഞ സാന്നിധ്യമായിരുന്നു. ഇതിനു മുമ്പേയും രണ്ടുപ്രാവശ്യം ഞാൻ ജൽസയിൽ പങ്കെടുക്കാൻ അവിടെ പോയിട്ടുണ്ട്. അമേരിക്കയിലെ ജനങ്ങളും അവിടെ വരാറുണ്ടായിരുന്നു. ഇപ്രാവശ്യം ഞാൻ അമേരിക്കയിൽ പോയിട്ടാണ് കാനഡയിൽ എത്തിയത്. അതിനാൽ അമേരിക്കയിൽ നിന്ന് കാനഡ ജൽസയിൽ പങ്കെടുക്കാൻ വരാറുള്ള മൂവായിരം നാലായിരം ആളുകൾ വന്നില്ല. പിന്നീട് കാൽഗരിയിൽ പള്ളി ഉദ്ഘാടനത്തിന് പോകണമായിരുന്നു. അവിടെനിന്നും അതിനടുത്തുള്ള പ്രദേശങ്ങളിൽനിന്നും വളരെ കുറച്ചാളുകൾ മാത്രമേ കാനഡ ജൽസയിൽ പങ്കെടുത്തുള്ളൂ. അവിടെനിന്നും ഏകദേശം മൂന്നുനാലായിരം ആളുകൾ പങ്കെടുക്കുമായിരുന്നു. കാനഡ വളരെ വിശാലമായൊരു രാജ്യമാണ്. ഒരേ രാജ്യത്ത് വസിക്കുമ്പോൾതന്നെ സമയത്തിൽ രണ്ട് മണിക്കൂർവരെ വ്യത്യാസമുണ്ടാകുന്നു. ടൊറണ്ടോയിൽനിന്ന് കാൽഗരിവരെ വിമാനത്തിൽ നാല് മണിക്കൂർ ദൂരമുണ്ട്. എന്തായാലും കാനഡയിലെ ജൽസയുടെ ഹാജർനില ഞാൻ പറഞ്ഞതുപോലെയുള്ള അവസ്ഥയായിരുന്നിട്ടും പതിനഞ്ചായിരമായിരുന്നു. കാനഡയിലെ ജൽസ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുമ്പേയും വലിയ ഓർഗനൈസ്ഡ് രീതിയിലാണ് നടക്കാറുള്ളത്. ഇവിടെ അധികവും പാക്കിസ്ഥാനികളാണ്. അവർ പാക്കിസ്ഥാനിൽ പ്രവർത്തിച്ച് പരിചയസമ്പന്നരായിക്കഴിഞ്ഞിരിക്കുന്നു. മറ്റൊന്ന് അവിടെയും അമേരിക്കയെപ്പോലെ ഒരു മച്ചിനുകീഴിൽ തന്നെയാണ് ഏകദേശം എല്ലാ പരിപാടികളും നടക്കുന്നത്; പാചകമൊഴികെ. ഭക്ഷണം പാചകം ചെയ്ത് ജൽസാ ഗാഹിൽ കൊണ്ടുവരാറാണുള്ളത്. എന്തായാലും ഈടുറ്റ ഏർപ്പാട് കാരണം ഒരുപാട് സൗകര്യങ്ങളുണ്ട്. ഇതുകേട്ട് നിങ്ങൾ ഇവിടെയിരുന്ന് വിഷമിക്കേണ്ട. ഞാൻ പറയട്ടെ, വളരെ കഷ്ടപ്പെട്ട് താൽക്കാലികമായ സജ്ജീകരണങ്ങളൊരുക്കിക്കൊണ്ട് നടത്തുന്ന യു.കെ. ജൽസയുടെ ഭംഗിക്ക് അതിന്റേതായ രുചിതന്നെയുണ്ട്. മഴയും ചളിയും കാരണത്താൽ അതിഥികളുടെയും ആതിഥേയരുടെയും അവസ്ഥ അങ്ങേയറ്റം മോശമായാൽപോലും. പക്ഷേ, അതിനൊരു ആനന്ദമുണ്ട്. ഇൻശാഅല്ലാഹ് ഇവിടെ നമ്മുടെ ഏർപ്പാടുകളും ഈടുറ്റതായിത്തീരുന്ന സമയം വന്നെത്തുന്നതാണ്. എന്തായാലും കാനഡയിലെ ജൽസ വളരെ വിജയകരമായിരുന്നു. ഈ ജൽസയെ സംബന്ധിച്ച് അവിടുത്തെ അഞ്ച് വൻപത്രങ്ങൾ വളരെ വിശാലമായ നിലയിൽ വാർത്തകൾ പ്രസിദ്ധീകരിച്ചു. അവ വായിക്കുന്നവരുടെ അംഗസംഖ്യ രണ്ടര മില്യനാണ്. 25 ലക്ഷം. ഇതിനുപുറമെ ചെറിയ ചെറിയ പത്രങ്ങളും വാർത്തകൾ നല്കുകയുണ്ടായി. റേഡിയോ സ്റ്റേഷനുകളും ടിവി നിലയങ്ങളും വാർത്തകൾ സംപ്രേഷണം ചെയ്തു. ഇന്റർനെറ്റിന്റെ സൈറ്റുകളിൽ വാർത്തകൾ വന്നുകൊണ്ടിരുന്നു. ഇങ്ങനെ ഈ ജൽസ ജമാഅത്തിനെ പരിചയപ്പെടുത്താനുള്ള വിശാലമായ മാർഗ്ഗമായിത്തീർന്നു. ഈ വർഷം അല്ലാഹു നമുക്ക് അനുകൂലമായി കാനഡയിലും അമേരിക്കയിലും പ്രത്യേകമായ കാറ്റുവീശുകയുണ്ടായി. ഇവിടെയൊക്കെ വസിക്കുന്ന അഹ്മദികളുടെ പ്രതീക്ഷയ്ക്കുപരിയായി ജമാഅത്തിന്റെ സന്ദേശം എത്തിക്കാൻ കഴിഞ്ഞു.

കാനഡ ജമാഅത്ത് ഈ വർഷം ഖിലാഫത്ത് ജൂബിലിയുടെ പേരിൽ മറ്റൊരു പരിപാടി കൂടി സംഘടിപ്പിച്ചിരുന്നു. അതായത് ക്ഷണിക്കപ്പെട്ട സദസ്സ്. ഇതിൽ അഹ്മദി പ്രതിനിധികളും മറ്റ് സർക്കാരുദ്യോ

ഗസ്ഥരും വിദ്യാസമ്പന്നരായ വിവിധ ജനവിഭാഗത്തിൽപെട്ടയാളുകളും പങ്കെടുത്തിരുന്നു. ഈ സദസ്സിലും ഞാൻ വിശുദ്ധഖുർആന്റെയും നബി(സ)യുടെയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും അധ്യാപനങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഇസ്‌ലാം വിഭാവന ചെയ്യുന്ന സമാധാനത്തെക്കുറിച്ചുള്ള പാഠങ്ങൾ വിവരിച്ചു. ഇസ്‌ലാമിനെക്കുറിച്ച് അവരുടെ മനസ്സുകളിലുണ്ടായിരുന്ന സംശയങ്ങൾ അതുമുഖേന ദൂരീകരിക്കാൻ ശ്രമിച്ചു. ഏകനും തനിച്ചുള്ളവനുമായ ദൈവത്തെ തരിച്ചറിയാനും അവരോട് പറഞ്ഞു; അതിലാണ് ലോകത്തിന്റെ നിലനില്പ്. ഇസ്‌ലാം സമർപ്പിക്കുന്ന ദൈവമാണ് യഥാർത്ഥ ദൈവം. ഈ പരിപാടിയിൽ ഏകദേശം 550 അനഹ്മദികളായ അതിഥികൾ പങ്കെടുത്തിരുന്നു. ഒന്റോറിയോ സംസ്ഥാനത്തിന്റെ പ്രധാനമന്ത്രിയും ഇതിൽ പങ്കെടുത്തിരുന്നു. പല കേന്ദ്ര സംസ്ഥാന മന്ത്രിമാരും അസംബ്ലി അംഗങ്ങളും സന്നിഹിതരായിരുന്നു. പ്രധാനമന്ത്രി മുഖ്യ അതിഥിയായിട്ടാണ് പങ്കെടുത്തത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ നല്ല സ്വാധീനമാണ് അവരിലൊക്കെയുണ്ടായത്. നിരവധി പാതിരിമാരും യൂണിവേഴ്സറ്റിയിലെ പ്രൊഫസർമാരും മറ്റുള്ളവരും വ്യക്തിപരമായി നേരിൽകണ്ട് അത് പ്രകടിപ്പിക്കുകയും ചെയ്തു; തങ്ങൾക്ക് ഇസ്‌ലാമിനെക്കുറിച്ച് പുതിയ കാര്യങ്ങൾ അറിയാൻ കഴിഞ്ഞുവെന്ന്.

കാൽഗറി മസ്ജിദിന്റെ ഉദ്ഘാടനം ജുമുഅദിവസം കഴിഞ്ഞിരുന്നു. അതിന്റെ അടുത്തദിവസം മറ്റുള്ളവർക്കുവേണ്ടി ഒരു സൽക്കാരം ഒരുക്കിയിരുന്നു. അതിലും പള്ളികളെ ഉദ്ധരിച്ചുകൊണ്ട് ഇസ്‌ലാമിനെ പരിചയപ്പെടുത്താനും സന്ദേശമെത്തിക്കാനും അവസരം കിട്ടി. അതീവശ്രദ്ധയോടെയാണ് അവർ കാര്യങ്ങൾ കേട്ടുകൊണ്ടിരുന്നത്. ഈ പള്ളിയും കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറഞ്ഞതുപോലെ വളരെ മനോഹരമായ പള്ളിയാണ്. ഞാൻ ഈ പള്ളിയ്ക്ക് ശിലാസ്ഥാപനം നിർവ്വഹിച്ച ദിവസം കനത്ത മഴ പെയ്തിരുന്നു. വഴികൾ കണ്ടിട്ട് വല്ലാത്തൊരു സ്ഥലമായിട്ട് തോന്നിയിരുന്നു. ഇവിടെ പള്ളി നിർമ്മിക്കുന്നുണ്ട്, പക്ഷേ, ബാഹ്യമായി നോക്കുമ്പോൾ പള്ളിക്ക് ചേർന്ന സ്ഥലമല്ല അതെന്ന് തോന്നിയിരുന്നു. എന്നാൽ, അല്ലാഹു ചെയ്ത ഏർപ്പാടുകൾ നിങ്ങൾ നോക്കുക, ഈ മൂന്നു വർഷത്തിനുള്ളിൽ അതിന്റെ അടുത്തൂടെ ഒരു ഹൈവേ വന്നു. മനോഹരമായ റോഡുകൾ നിർമ്മിക്കപ്പെട്ടു. ആ പ്രദേശത്തെ വഴികളെല്ലാം വളരെ നല്ലതായിത്തീർന്നു. പുതിയ പല പുരോഗതികളും അവിടെ ഉണ്ടായി. പള്ളിയുടെ മുമ്പിൽ മനോഹരമായ ഒരു പാർക്കും വന്നു. അതിന്റെ വലിയൊരു ഭാഗം നോക്കി നടത്തുന്നതിനായി കൗൺസിൽ ജമാഅത്തിനെ ഏല്പിച്ചിരിക്കുന്നു. കഴിഞ്ഞവർഷം അവിടെ റെയിൽവെ സ്റ്റേഷനും വന്നു. നമ്മുടെ പള്ളി അവിടെ നിന്ന് വെറും 10 മിനുട്ട് നടന്നെത്താവുന്ന ദൂരത്തിലാണ്. നഗരത്തിലെ എല്ലാ സ്ഥലത്തുനിന്നുമുള്ള തീവണ്ടികളും അവിടെയെത്തുന്നു. അതുകൊണ്ട് അവിടെയെത്താനും എളുപ്പമായി. പള്ളിയുടെയടുത്തുതന്നെ അല്ലാഹു എല്ലാ കാര്യങ്ങളും സംഘടിപ്പിച്ചുതന്നിരിക്കുന്നു. ഇതും അല്ലാഹുവിന്റെ ഒരു പ്രത്യേക അനുഗ്രഹമാണ്. എയർപോർട്ടും അവിടെനിന്ന് വെറും 20 മിനുട്ട് ദൂരത്താണ്. ഈ പള്ളി ആ പ്രദേശത്തിന്റേതെന്നല്ല മുഴുവൻ രാജ്യത്തിന്റെയും എന്നല്ല ലോകശ്രദ്ധ തന്നെ തന്നിലേക്ക് ആകർഷിച്ചെടുത്തിരിക്കുന്നു. ഞാൻ പറഞ്ഞതുപോലെ ശനിയാഴ്ച ക്ഷണിക്കപ്പെട്ട അതിഥികൾ എത്തിയിരുന്നു. പല തിരക്കുകളും ഉണ്ടായിട്ടും ഇതിൽ പ്രധാനമന്ത്രിയും പങ്കെടുത്തിരുന്നു. ആ ദിവസം വിദേശത്തും അദ്ദേഹത്തിന് പോകണമായിരുന്നു, നമ്മുടെ പരിപാടിയിൽ പങ്കെടുത്തിട്ട് നേരിട്ട് അദ്ദേഹം യാത്രയാവുകയാണ് ചെയ്തത്. അദ്ദേഹം പള്ളി കണ്ടു. പരിപാടിയിൽ പങ്കെടുത്തു. ജമാഅത്തിനെക്കുറിച്ച് സദ്ഭാവന പ്രകടിപ്പിച്ചു. അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നല്കുമാറാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഈ പരിപാടിയും ജമാഅത്തിനെ പരിചയപ്പെടുത്തുന്നതിനും പ്രചാരണത്തിനും മാർഗ്ഗമായിത്തീർന്നു. 'ആരാധനാലയങ്ങളും ഇസ്‌ലാമിക അധ്യാപനവും' എന്നതായിരുന്നു എന്റെ വിഷയം. പല പാതിരിമാരും ഈ വിഷയം കേട്ട് അത്ഭുതം പ്രകടിപ്പിച്ചു. ഒരഹ്മദി എന്നോടു പറഞ്ഞു: 'ഈ പരിപാടിയിൽ പങ്കെടുത്ത ഒരു പാതിരി എന്റെ പ്രസംഗത്തിനു ശേഷം പൊട്ടിക്കരായൻ തുടങ്ങി. മനുഷ്യചിന്തയ്ക്കനുസരിച്ചിട്ടുള്ള യഥാർത്ഥമായ പാഠം ഇതാണെന്ന് അദ്ദേഹം പറഞ്ഞു.' ഇസ്‌ലാമിന്റെ പാഠങ്ങൾ ഏതു കാര്യത്തിലും എല്ലാമടങ്ങുന്നതാണ്. ശരിയായ നിലയിൽ അത് മറ്റുള്ളവർക്ക് എത്തിച്ചുകൊടുത്താൽ, അംഗീകരിക്കാതെ ഒരു സൽപ്രകൃതക്കാരനും അതിൽ നിന്ന് ഓടിപ്പോകാൻ ഒരു വഴിയും ഉണ്ടായിരിക്കുകയില്ല. അഫ്ഗാൻകാരനായ ഒരു സുഹൃത്തിന് ജമാഅത്തിനെക്കുറിച്ച് കുറച്ചുകാലമായി പറഞ്ഞുകൊടുക്കാറുണ്ടായിരുന്നു. ഈ പരിപാടിക്കുശേഷം അദ്ദേഹം എന്നെ കണ്ടു. കരഞ്ഞുകരഞ്ഞു അദ്ദേഹത്തിന്റെ അവസ്ഥ വല്ലാത്ത നിലയിലായിരുന്നു. തനിക്കിനി ഒരു തടസ്സവും ഉണ്ടാകാൻ പാടില്ലാത്തതിനാൽ ഇന്നുതന്നെ ബയ്അത്ത് ചെയ്യാൻ ആഗ്രഹിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞതായി അദ്ദേഹത്തിന്റെ അഹ്മദി സുഹൃത്ത് പിന്നീട് എന്നോട് പറഞ്ഞു. ഇപ്രകാരം വേറെയും ബയ്അത്തുകൾ നടന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഓരോ നാട്ടി

ലേയും പര്യടനം അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ പ്രചാരണത്തിനുള്ള വഴിയായി മാറുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്ത വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇതെല്ലാം നടക്കുന്നത്. അല്ലാഹു ആ മഹാത്മാവിനോട് പറഞ്ഞു: "ഞാൻ നിനക്ക് ആദരവോടുകൂടി പ്രസിദ്ധി നല്കും" ഇത് ദൈവിക വിധിയാണ്. ഇതിനെ ഇല്ലാതാക്കാൻ ആർക്കും സാധ്യമല്ല. നിർഭാഗ്യരായ മൗലവിമാർ എത്ര വേണമെങ്കിലും ശക്തി കാണിച്ചുകൊള്ളട്ടെ. അവർ പറയുന്നതിന് ബക്ബക് എന്ന ശബ്ദത്തേക്കാളുപരി മറ്റൊരു വിലയും ഇല്ല. അഹ്മദികളെ താൽക്കാലികമായി ബുദ്ധിമുട്ടിച്ച് അവർ സന്തോഷിക്കുകയാണ്. പക്ഷേ, അല്ലാഹുവിന്റെ വിധി അവർക്കെതിരിൽ ചലിക്കാൻ തുടങ്ങിയിരിക്കുന്നുവെന്ന് അവർക്കറിയില്ല. അവർ തങ്ങളുടെ ദുർപര്യവസാനത്തിലേക്ക് എത്താൻ പോകുകയാണ്.

ഈ പള്ളിയുടെ ഉദ്ഘാടനം മുഖേന മാധ്യമങ്ങളിലൂടെ ജമാഅത്തിന് കിട്ടിയ പ്രചാരണത്തെക്കുറിച്ച് അല്പം ചില കാര്യങ്ങൾ പറയാം. ഒമ്പത് ടി.വി നിലയങ്ങൾ കാൽഗരി പള്ളിയുടെ ഉദ്ഘാടന പരിപാടി സംപ്രേഷണം ചെയ്തു. അതിന്റെ പ്രേക്ഷകരുടെ സംഖ്യ 3.1 മില്യനാണ്. അതായത്, 31 ലക്ഷം ആളുകൾക്ക് സന്ദേശമെത്തി. 9 റേഡിയോനിലയങ്ങൾ വാർത്തകൾ പ്രക്ഷേപണം ചെയ്തു. 23 ലക്ഷം ആളുകൾക്ക് അങ്ങനെ സന്ദേശമെത്തി. കാനഡയിലെ വിവിധ നഗരങ്ങളിൽനിന്ന് പ്രസിദ്ധീകരിക്കുന്ന എല്ലാ പത്രങ്ങളും വിശാലമായ നിലയിൽ വാർത്തകൾ പ്രസിദ്ധീകരിച്ചു. ഈ പത്രങ്ങൾ വായിക്കുന്നവരുടെ സംഖ്യ 40 ലക്ഷമാണ്.

ഈ ദേശീയ പത്രങ്ങൾക്കു പുറമെ, ധാരാളം വിദേശ പത്രങ്ങളും വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. ആസ്ത്രേലിയ, ജർമ്മനി, ന്യൂസിലാന്റ്, ഇന്ത്യ, പാക്കിസ്ഥാൻ (പാക്കിസ്ഥാനിൽ ചിലപ്പോൾ എതിരിലായിരിക്കും വാർത്ത കൊടുത്തിട്ടുണ്ടാവുക) ഇറ്റലി, ബ്രിട്ടൻ, അമേരിക്ക, ബെൽജിയം, യു.എ.ഇ, കിനിയ തുടങ്ങിയ രാജ്യങ്ങളൊക്കെ അതിൽപെടുന്നു. അറബ് ലോകത്തെ 40 പത്രങ്ങൾ ഇതിന്റെ വാർത്ത നല്കിയിട്ടുണ്ട്. ഇറാൻ, തുർക്കി, സൗദി അറേബ്യ, ജോർദാൻ, ഫലസ്തീൻ, ലബ്നാൻ തുടങ്ങിയ രാജ്യങ്ങളിലെ പത്രങ്ങൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പരിചയപ്പെടുത്തിയത്, ഇസ്‌ലാമിലെ ഒരു ഫിർഖയാണെന്നും, അവരാണ് പള്ളി നിർമ്മിച്ചതെന്നുമാണ്. എന്തായാലും ഒരു ചലനം ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. പല രീതിയിലും സന്ദേശമെത്തി. എതിർപ്പ് എന്ന നിലയിൽ സന്ദേശമെത്തിയാലും അതും ജമാഅത്തിന്റെ അഭിവൃദ്ധിയ്ക്ക് കാരണമാകാറുണ്ട്. ലോകം മുഴുവൻ ഇന്റർനെറ്റിലെ 130 വിവിധ സൈറ്റുകൾ കവറേജ് നല്കി.

ഈ വാർത്തകളിൽ വിവിധ അതിഥികളുടെ പ്രതികരണങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. അതിലൊന്ന് രണ്ടെണ്ണം ഞാൻ കേൾപ്പിക്കാം. കാത്തലിക് ബിഷപ്പ് പറഞ്ഞു: "ഇന്ന് നടമാടുന്ന അധാർമ്മികതയെക്കുറിച്ചുള്ള ആശങ്കയും അത് പരിഹരിക്കാനുള്ള ജമാഅത്തിന്റെ ശ്രദ്ധയും സ്തുത്യർഹമാണ്." അങ്ങേയറ്റം മാന്യനായ ഒരു ദേഹമാണ് കാൽഗരിയിലെ മേയർ. ജമാഅത്തുമായിട്ട് അദ്ദേഹത്തിന് അഗാധമായ ബന്ധമുണ്ട്. വാസ്തവത്തിൽ ഇദ്ദേഹമാണ് നമ്മുടെ ഫംഗ്ഷനിൽ പ്രധാനമന്ത്രിയെ പങ്കെടുപ്പിക്കാൻ കാരണമായത്. പ്രധനമന്ത്രിയുമായിട്ട് അടുത്തബന്ധം ഇദ്ദേഹത്തിനുണ്ട്. അദ്ദേഹം പറഞ്ഞു: "ഈ മസ്ജിദ് കാൽഗരിയുടെ ചക്രവാളത്തിൽ ഉദിച്ചുയർന്ന ശോഭയാർന്ന ഒരു മുതൽക്കൂട്ടാണ്." ഇപ്രകാരംതന്നെ പ്രധാനമന്ത്രി പറഞ്ഞു: "ഇസ്‌ലാമിന്റെ യഥാർത്ഥവും സമാധാനം കാംക്ഷിക്കുന്നതുമായ മുഖം അഹ്മദിയ്യാ ജമാഅത്ത് പ്രകാശിപ്പിക്കുന്നു. ഈ പള്ളി ശാന്തിയുടെയും സാഹോദര്യത്തിന്റെയും അടയാളമാണ്." സിബിസി കാനഡ- അതിന്റെ ദേശീയവാർത്താ പരിപാടിയിൽ എന്റെ കഴിഞ്ഞയാഴ്ചത്തെ ഖുത്ബ രണ്ടു മിനിറ്റോളം സംപ്രേഷണം ചെയ്തു. പള്ളിയുടെയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ഫോട്ടോയും കാണിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഫോട്ടോ എടുത്തതിന്റെ ഉദ്ദേശ്യവും ഇതുതന്നെയായിരുന്നു; മുഖം കണ്ട് സത്യവാദിയെ മനസ്സിലാക്കുന്ന സൽപ്രകൃതക്കാർവരെ ഈ ചിത്രങ്ങൾ എത്തുകയും, അല്ലാഹു അവർക്ക് സത്യം മനസ്സിലാക്കാൻ തൗഫീഖ് നല്കുകയും ചെയ്യട്ടെ.

ലോകത്തിലെ വിവിധ രാജ്യങ്ങളിൽനിന്ന് വരുന്ന ബയ്അത്തുകളിൽ അധികവും നമ്മൾ മുഖേന നമുക്ക് ലഭിക്കുന്നതല്ല, പലരും സ്വപ്നങ്ങൾ കണ്ട് വിശ്വസിക്കുന്നവരാണ്. സ്വപ്നത്തിൽ ഏതെങ്കിലും മഹാത്മാവിനെ കാണുകയും പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)യുടെ ചിത്രം കാണുമ്പോൾ അവർക്ക് ഓർമ്മവരികയുമാണ്. അങ്ങനെ താൻ സ്വപ്നത്തിൽ കണ്ട വ്യക്തി അതാണെന്ന് മനസ്സിലാക്കി അവർ ബയ്അത്ത് ചെയ്യുന്നു. അല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്വപ്നത്തിൽ കണ്ട് ഏതെങ്കിലും വീട്ടിൽ ചെന്നപ്പോൾ അവിടെ ആ മഹാത്മാവിന്റെ ചിത്രം കണ്ട് തിരിച്ചറിയുന്നു. അല്ലാഹു തആല കാനഡയിൽ വിശാലമായ രീതിയിലാണ് ഇത്തരം അവസരങ്ങൾ ഒരുക്കിയിട്ടുള്ളത്.

അല്ലാഹു സൽപ്രകൃതക്കാരായവരുടെ ഹൃദയം തുറക്കുമാറാകട്ടെ. മുസ്ലിം രാഷ്ട്രങ്ങളിലും ക്രിസ്ത്യൻ രാജ്യങ്ങളിലും സത്യം തിരിച്ചറിയാൻ ഈ സൽപ്രകൃതക്കാർക്ക് തൗഫീഖ് നല്കുമാറാകട്ടെ. മുസ്ലിം രാഷ്ട്രങ്ങൾക്കുവേണ്ടി പ്രത്യേകം ദുആ ചെയ്യേണ്ടതാണ്. ഇക്കൂട്ടർ നാമധാരികളായ ഉലമാക്കളുടെ പിന്നാലെ നടന്ന്, തങ്ങളുടെ ഇഹലോകവും പരലോകവും കൂടുതൽ മോശമാക്കിത്തീർക്കുന്നുവരാകാതിരിക്കട്ടെ. അല്ലാഹു ഇവരുടെ ഹിദായത്തിന് അവസരമൊരുക്കുമാറാകട്ടെ. അല്ലാഹു മുസ്ലിംകൾക്കും സത്യം തിരിച്ചറിയാൻ തൗഫീഖ് നല്കുമാറാകട്ടെ. ക്രിസ്ത്യാനികൾക്കും മറ്റു അമുസ്ലിംകൾക്കും ഇസ്ലാമിന്റെ മനോഹാരിതയും യാഥാർത്ഥ്യവും കാണാനും, മനസ്സിലാക്കാനും, സ്വീകരിക്കാനും തൗഫീഖ് നല്കുമാറാകട്ടെ. ഇതിലാണ് ഇവരുടെ മോക്ഷം നിലകൊള്ളുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'യൂറോപ്പിലേയും അമേരിക്കയിലേയും ജനങ്ങളുടെ ശ്രദ്ധ പെട്ടെന്ന് ഇസ്ലാമിലേക്ക് തിരിയുകയും, അവർ മരിച്ചവരെ വിളിച്ച് പ്രാർത്ഥിക്കുന്ന മതത്തിൽനിന്നുണർന്ന് യഥാർത്ഥമതമായ ഇസ്ലാമിനെ, തങ്ങളുടെ മോക്ഷത്തിനുള്ള മാർഗ്ഗമായിട്ട് ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്ന ആ സമയം ഇതാ അടുത്തെത്തിയിരിക്കുന്നു."

ഇസ്ലാമിന്റെ പതാക ലോകത്തിലെ എല്ലാ രാജ്യങ്ങളിലും വലിയ പ്രൗഢിയോടെ പറക്കുന്ന ആ നാൾ നമ്മുടെ ജീവിതത്തിൽ വരാനും അതു കാണാനും അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

ജൽസയെക്കുറിച്ച് പറഞ്ഞപ്പോൾ കാനഡയിലെ അഹ്മദികളെക്കുറിച്ച് പറയാൻ മറന്നുപോയിരുന്നു. തങ്ങളെക്കുറിച്ച് എന്തെങ്കിലും പറയണമെന്ന് അവർക്കും ആഗ്രഹമുണ്ടാകും. ഡ്യൂട്ടി നിർവഹിച്ചവരുടെയും മറ്റുള്ളവരുടെയും ആത്മാർത്ഥതയും കൂറും കാണേണ്ടതുതന്നെയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആത്മാർത്ഥതയിൽ അവർ അഭിവൃദ്ധിപ്പെടുന്നു. പ്രത്യേകിച്ച്, ഞാൻ ടൊറൊന്റോയിൽനിന്ന് പുറപ്പെട്ടപ്പോൾ, വൻജനക്കൂട്ടമായിരുന്നു. പീസ് വില്ലേജിൽ ജനതിരക്കുകൊണ്ട് കാല് വയ്ക്കാൻ സ്ഥലമില്ലാത്തതുപോലെ തോന്നി. ഓരോരുത്തരുടെയും വികാരാവസ്ഥ ആശ്ചര്യകരമായിരുന്നു. അല്ലാഹു എല്ലാ അഹ്മദികളുടെയും ആത്മാർത്ഥതയും കൂറും വർദ്ധിപ്പിക്കുമാറാകട്ടെ. അവരെ ഇസ്ലാമികാധ്യാപനത്തിന്റെ ശരിയായ മാതൃകയാക്കിത്തീർക്കട്ടെ; ഹദ്റത്ത് മസീഹ് മൗഊദ്(അ) കൊണ്ടുവന്ന സന്ദേശം നല്ലനിലയിൽ ലോകത്ത് എത്തിക്കുന്നവരായി തീരുന്നതിനുവേണ്ടി.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 11.07.2008 at Baithul Futuh, London

Translated by: Muhammad Ismail Aleppey
Mob: 9446656123, 9746058636 Resi: 0497 3294865
Page layout & Typeset : BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala